**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495** **01-02-2024 - ൽ മറുപടിയ്ക്ക്**

**തൊഴിൽ മേഖലയിൽ കാതലായ മാറ്റം വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ മേഖലയിൽ കാതലായ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കി കേരളത്തെ ഒരു തൊഴിലാളി സൗഹ്യദ സംസ്ഥാനമാക്കി മാറ്റുന്നതിന് തൊഴിൽ നയം ആവിഷ്കരിച്ചിട്ടുള്ളതാണ്. തൊഴിൽ നിയമങ്ങൾ ഫലപ്രദമായി പ്രാവർത്തികമാക്കുന്നതു വഴി തൊഴിൽ മേഖലയിൽ അനുകൂലമായ തൊഴിൽ സാഹചര്യം നിലനിർത്തുന്നതിന് തൊഴിൽ നയം ലക്ഷ്യമിടുന്നുണ്ട്. തൊഴിൽ നയത്തിന്റെ ഭാഗമായി തൊഴിൽ മേഖലയിൽ കാലോചിത മാറ്റങ്ങൾ വരുത്തുന്നതിന് തൊഴിൽ വകുപ്പ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>കർമ്മചാരി പദ്ധതി, തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന കേരള സവാരി, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന നവശക്തി-23 തുടങ്ങിയവയെല്ലാം തൊഴിൽ മേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്തുവാൻ ഉതകുന്ന പദ്ധതികളാണ്.<br><br>1. കർമ്മചാരി:- വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയായ കർമ്മചാരി പദ്ധതി സംസ്ഥാനത്ത് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു. ദിവസം കുറഞ്ഞത് രണ്ട് മണിക്കൂറെങ്കിലും പഠനത്തോടൊപ്പം സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള അവസരം ഈ പദ്ധതിയിലൂടെ |

ലഭിക്കുകയും വിദ്യാർത്ഥികൾക്ക് പഠനച്ചെലവിനാവശ്യമായ തുകയുടെ ചെറിയ ഒരളവ് ഈ പദ്ധതിയിലൂടെ ലഭ്യമാകുകയും ചെയ്യുന്നു.

2. കേരള സവാരി:- സർക്കാർ മേഖലയിൽ ആദ്യത്തെ ഓൺലൈൻ, ടാക്സി സർവ്വീസിന് കേരള സവാരി എന്ന പേരിൽ പൈലറ്റ് പദ്ധതിയായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ 2022 ആഗസ്റ്റ് 17-ന് തുടക്കം കുറിച്ചു. മോട്ടോർ തൊഴിലാളികൾക്ക് ഒരു കൈത്താങ്ങ് എന്നതിനപ്പുറം പൊതുജനങ്ങൾക്ക് സർക്കാർ അംഗീകൃത നിരക്കിൽ സുരക്ഷിതവും തർക്കരഹിതവുമായ യാത്ര ഉറപ്പാക്കുന്നതും ലക്ഷ്യമിട്ടാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സഹകരണത്തോടെയും കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഐ.ടി.ഐ ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെയും തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

3. നവശക്തി 23:- മാറിയ തൊഴിൽ-വിപണി സാഹചര്യങ്ങൾക്ക് അനുസൃതമായി ചുമട്ടു തൊഴിലാളി സമൂഹത്തെ പരിഷ്കരിക്കുന്നതിനും, തദ്വാര പൊതുസമൂഹത്തിനിടയിലെ ചുമട്ടു തൊഴിലാളികളോടുള്ള മനോഭാവത്തിന് കാതലായ മാറ്റം ഉണ്ടാകുവാനും ലക്ഷ്യം വച്ച് ആവിഷ്കരിച്ച പദ്ധതിയാണ് നവശക്തി-23. ഐ.ടി പാർക്കുകൾ, കിൻഫ്ര പാർക്ക്, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവിടങ്ങളിലെ ചുമട്ടു തൊഴിലാളികളെ തെരഞ്ഞെടുത്ത് പ്രത്യേക യൂണിഫോം, നൂതന ഉപകരണങ്ങൾ, ത്രിതല പരിശീലനം എന്നിവ നൽകി പുതിയ ഒരു ചുമട്ടു തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്ന-തിനായും, നൈപുണ്യ വികസനം, വ്യക്തിത്വ വികസനം, സാങ്കേതിക പരിശീലനം എന്നിങ്ങനെ വളരെ സമഗ്രവും വിപുലവുമായ പരിശീലനം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഫാക്ടറികളിലെയും നിർമ്മാണ സ്ഥലങ്ങളിലെയും തൊഴിലാളികളുടെ സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പാക്കുന്നതിനും, തൊഴിൽ സംബന്ധമായ രോഗങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനും വ്യാവസായിക അപകടങ്ങൾ പരമാവധി തടയുന്നതിനുമായി ഒക്കുപേഷണൽ ഹെൽത്ത് സർവ്വേ, ആരോഗ്യ സുരക്ഷിതത്വ ട്രെയിനിംഗ്

| | | | |
|---|---|---|---|
| | | | പ്രോഗ്രാമുകൾ, Accident Prevention through Safety Surveillance Study (APSS), ഇ-സഞ്ജീവനി ടെലിമെഡിസിൻ എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | അടിസ്ഥാന മേഖലയിൽ മതിയായ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | അടിസ്ഥാന മേഖലയിൽ മതിയായ വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് ആയി പുതിയ ഐ.ടി.ഐ കൾ ആരംഭിക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ 4 ജില്ലകളിൽ പുതിയ 4 ഐ.ടി.ഐ കൾ ആരംഭിക്കുന്നതിന് ശിപാർശ ലഭ്യമായിട്ടുണ്ട്. കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി പകരം കൂടുതൽ തൊഴിൽ സാധ്യതയുള്ള ട്രേഡുകൾ റീവാമ്പിംഗിന്റെ ഭാഗമായി ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാദേശിക സാമ്പത്തിക കെട്ടുറപ്പിന്റെ നട്ടെല്ലായിരുന്ന പരമ്പരാഗത തൊഴിൽ മേഖലകളിൽ പലതും കാലഹരണപ്പെടുകയും, ലാഭകരമല്ലാതാവുകയും ചെയ്തിരിക്കുന്നു. ഈപ്രകാരം കലഹരണപ്പെട്ടതും കാലഹരണഭീഷണി നേരിടുന്നതുമായ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും, പ്രവർത്തി ച്ചിരുന്നവരെയും, പ്രവർത്തിക്കാൻ താല്പര്യം ഉള്ളവരെയും കണ്ടെത്തി നൂതന നൈപുണ്യ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി മേൽ പറഞ്ഞ തൊഴിൽ മേഖലയിൽ നിന്നുമുള്ള തൊഴിലാളികളെ കാലാനുസൃതമായ പരിശീലനം നൽകി വിവിധ മേഖലകളിൽ പുനർവിന്യസിപ്പിക്കുന്നതിനോ, അവരെ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് സ്ഥിര വരുമാനം കണ്ടെത്താൻ പ്രാപ്തരാകുന്നതിലേയ്ക്കായി തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷനായ കെയ്സ് വഴി 'പ്രതീക്ഷ ' എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിൽ കൈത്തറി മേഖലയ്ക്ക് മികച്ച സംഭാവനകൾ നൽകിയ പദ്മശ്രീ.ഗോപിനാഥൻ മാസ്റ്റർ നേതൃത്വം നൽകുന്ന എക്കോടെക്സ് കൺസോർഷ്യവുമായി ചേർന്ന് കൈത്തറി മേഖലയിൽ 60 വനിതകൾക്ക് നൈപുണ്യ പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ